# CAREER Updates

# പത്രവൃത്താന്തം

25.09.2024 (ബുധൻ)




⇨ 2024 സെപ്തംബറിൽ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയം പുറത്തുവിട്ട വാർഷിക പീരിയോഡിക് ലേബർ ഫോഴ്സ് സർവേ പ്രകാരം ഇന്ത്യയിൽ തൊഴിലില്ലായ്മ നിരക്ക് കൂടിയ രണ്ടാമത്തെ സംസ്ഥാനം

✔ കേരളം

- ഇന്ത്യയിൽ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടിയ സംസ്ഥാനം ഗോവയാണ് (8.5%). 2022–23 കാലയളവിൽ 7 ശതമാനമായിരുന്ന കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 2023–24–ൽ 7.2 ശതമാനമായി ഉയർന്നു. എന്നാൽ 2017 മുതൽ 2022 വരെയുള്ള വർഷങ്ങളിലെ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ 2 വർഷത്തെ നിരക്ക് കുറവാണ്.
- 15 മുതൽ 29 വയസ്സ് വരെയുള്ള വർക്കിടയിൽ ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ നിരക്കുള്ള സംസ്ഥാനം കേരളമാണ് (29.9%).

⇨ 2024 സെപ്തംബറിൽ ആസ്ട്രേലിയ ആസ്ഥാനമായ ലോവി ഇൻസ്റ്റിറ്റ്യൂട്ട് പുറത്തുവിട്ട ഏഷ്യൻ പവർ ഇൻഡക്സിൽ ഇന്ത്യയുടെ സ്ഥാനം

✔ മൂന്ന്

- ജപ്പാനെ പിന്തള്ളിയാണ് ഇന്ത്യ മൂന്നാമതെത്തിയത്. ഏഷ്യയിൽ ഏറ്റവും കൂടുതൽ സ്വാധീനമുള്ള രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്ത് യു.എസ്.എ. ആണ്. രണ്ടാം സ്ഥാനത്തുള്ള രാജ്യം ചൈനയാണ്.

⇨ ബഹിരാകാശത്തെ മൈക്രോ ഗ്രാവിറ്റിയിൽ മനുഷ്യശരീരത്തിന്റെ പ്രതികരണം പഠിക്കാനുള്ള ആരോഗ്യ ഗവേഷണ ദൗത്യത്തിന് നേതൃത്വം നൽകുന്ന യു.എ.ഇ.യിലെ മലയാളി ഉടമസ്ഥതയിലുള്ള കമ്പനി

✔ ബുർജീൽ ഹോൾഡിങ്സ്

- ആരോഗ്യ സംരംഭകൻ ഡോ. ഷംഷീർ വയലിലിന്റെ ഉടമസ്ഥതയിലുള്ളതാണ് ബുർജീൽ ഹോൾഡിങ്സ്. അമേരിക്കയിലെ മുൻനിര സ്വകാര്യ ബഹിരാകാശ ഗവേഷണ കമ്പനിയായ ആക്സിയം സ്പെയ്സുമായിട്ടാണ് ബുർജീൽ ഹോൾഡിങ്സ് കരാറിൽ ഒപ്പുവച്ചത്.

⇨ ഡോപമിൻ സെൻസർ ഉപകരണത്തിന്റെ കണ്ടെത്തലിന് പേറ്റന്റ് ലഭിച്ച കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഗവേഷകർ

✔ ഡോ. കെ. ഗിരീഷ്കുമാർ, ഡോ. ശാലിനി മേനോൻ

⇨ ജഗദ്ഗുരു സന്ത് തുക്കാറാം മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളം എന്ന് പുനർനാമകരണം ചെയ്യപ്പെട്ട വിമാനത്താവളം

✔ പൂനെ അന്താരാഷ്ട്ര വിമാനത്താവളം

⇨ മാതാ അമൃതാനന്ദമയി മഠം ഏർപ്പെടുത്തിയ 2024–ലെ അമൃതകീർത്തി പുരസ്കാരം നേടിയത്

✔ വി. മധുസൂദനൻ നായർ

⇨ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ച ഉത്തർപ്രദേശ് ആസ്ഥാനമായി പ്രവർത്തിക്കുന്ന പുതിയ എയർലൈൻ

✔ ശംഖ് എയർ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999